**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 105** **30-08-2022 - ൽ മറുപടിയ്ക്ക്**

**റോഡുകൾ പൊളിക്കുന്നതിനുള്ള പുതിയ മാനദണ്ഡങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | റോഡുകൾ ടാർ ചെയ്തതിന് പിന്നാലെ വെട്ടിപ്പൊളിച്ച് കുടിവെള്ള പൈപ്പ് ഇടുന്ന രീതിക്ക് മാറ്റം വരുത്തുന്നതിന് വകുപ്പ് നടപടി സ്വീകരിക്കുമോ; | (എ) | വാട്ടർ അതോറിറ്റിയുടെ ജലവിതരണ പൈപ്പുകൾ സ്ഥാപിക്കുന്നതിനായ പൊതുമരാമത്ത് റോഡുകൾ വെട്ടിപ്പൊളിക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജലവിഭ മന്ത്രിയുമായി ഇക്കാര്യത്തിൽ പ്രത്യേകം ചർ ചെയ്യുകയും ജലവിഭവ പദ്ധതികളും പൊതുമരാമത്ത് റോഡുകളുടെ പരിപാലനവു ഏകോപിപ്പിക്കുന്നതിനായി പ്രത്യേക സമിതിക്ക് രൂപം നൽകുകയും ചെയ്തു. പൊതുമരാമത്ത് വകു സെക്രട്ടറി കൺവീനറായും ജോയിന് സെക്രട്ടറിയും വിവിധ വിഭാഗങ്ങളിലെ ചീഫ് എഞ്ചിനീയർമാരും ജലസേചന വകുപ്പിലെ സെക്രട്ടറിയും ഉന്നത ഉദ്യോഗസ്ഥര അംഗങ്ങളായും സ്ഥിര സമിതി രൂപീകരിച്ചുകൊണ്ട് 07.01.2022-ലെ സ.ഉ(സാധാ)നം. 20/2022/പൊ.മവ പ്രകാര സർക്കാർ ഉത്തരവായിട്ടുണ്ട്. ഈ സമിതി തീരുമാനപ്രകാരം റോഡ് കട്ടിംഗിന് നിശ്ചിത സമയക്രമം കൊണ്ടുവന്നിട്ടുണ്ട്. പുതുതായ നിർമ്മിച്ച/നവീകരിച്ച റോഡുകളുടെ ഉപരിതല കട്ട് ചെയ്യുന്നതിന് കാലപരിധി നിശ്ചയിച്ച് പരിപാലനകാലാവധി ഉള്ള റോഡുകളിൽ നിർമ്മാണം പൂർത്തിയായി 1 വർഷം കഴിഞ്ഞ ശേഷം മാത്രമേ റോഡ് കട്ടിംഗിനുള്ള അനുമതി നൽകു എന്ന് തീരുമാനിച്ച് ഉത്തരവിറക്കിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട മ വകുപ്പുകൾ/ഏജൻസികൾ എന്നിവയുമായുള്ള ഏകോപനം സാധ്യമാക്കുന്നതിനായി ജില്ലാതല ഇൻഫ്രാസ്ട്രക്ചർ കോ-ഓർഡിനേഷൻ കമ്മിറ്റികൾ (DICC), PMG പോർട്ടൽ, RoW പോർട്ടൽ എന്നിവ നിലവിലുണ്ട്. എല്ലാ മാസവു |

